പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2979** **22-06-2012 - ലെ മറുപടിയ്ക്ക്**

**സോയിൽ ഹെൽത്ത് കാർഡ് വിതരണം**

**ചോദ്യം**

ശ്രീ. വി. ഡി. സതീശൻ
„ പി. സി. വിഷ്ണുനാഥ്
„ തേറമ്പിൽ രാമകൃഷ്ണൻ
„ പി. എ. മാധവൻ

**മറുപടി**

ശ്രീ. കെ.പി.മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(എ) ഉണ്ട്. സംസ്ഥാനത്തെ കൃഷിക്കാർക്ക് സോയിൽ ഹെൽത്ത് കാർഡുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. സോയിൽ ബേസ്ഡ് ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ പദ്ധതി പ്രകാരമാണ് സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിൽ നിന്നും ഭൂപ്രകൃതിക്കും, വിസ്തൃതിക്കും, വിള വിന്യാസത്തിനും ആനുപാതികമായി മണ്ണു സാമ്പിളുകൾ ശേഖരിക്കുകയും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളടക്കം 27 ലബോറട്ടറികളിൽ മണ്ണു സാമ്പിളുകൾ വിശകലനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് നൽകുകയുമാണ് ചെയ്യുന്നത്.

(ബി) ഈ കാർഡ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ബി ഓരോ പഞ്ചായത്തിലേയും കൃഷിയിടങ്ങളിലെ മണ്ണു സാമ്പിളുകൾ ശാസ്ത്രീയമായി ശേഖരിച്ചു പരിശോധിച്ച് മണ്ണിലെ പോഷകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കി ഓരോ കൃഷിയിടത്തിനും അനുയോജ്യമായ വള പ്രയോഗം ചെയ്യുന്നതിന് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുക വഴി സാധിക്കുന്നു. മണ്ണറിഞ്ഞ് വള പ്രയോഗം ചെയ്യുന്നതിനും അതുവഴി ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും സോയിൽ ഹെൽത്ത് കാർഡുകൾ സഹായകമാകും. ഈ പദ്ധതിപ്രകാരം 2,09,248 മണ്ണു സാമ്പിളുകൾ

ശേഖരിക്കുകയും 1,01,113 എണ്ണം സാമ്പിളുകൾ വിശകലനം ചെയ്യുകയും ചെയ്തിട്ടുണ്ട്. 35 പഞ്ചായത്തുകളിലായി 13,000 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**